**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **29-01-2024 - ൽ മറുപടിയ്ക്ക്**

**കളമശ്ശേരി ബോംബ് സ്ഫോടനത്തെക്കുറിച്ചുള്ള വ്യാജപ്രചാരണങ്ങൾക്കെതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കളമശ്ശേരി കൺവെൺഷൻ സെന്ററിലുണ്ടായ ബോംബ് സ്ഫോടനത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലും സാമൂഹ്യ മാധ്യമങ്ങൾ വഴി ചിലർ ബോധപൂർവ്വം നടത്തിയതായി പറയപ്പെടുന്ന വ്യാജ പ്രചാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കളമശ്ശേരി കൺവെൻഷൻ സെന്ററിൽ 29.10.2023ന് രാവിലെ ഉണ്ടായ സ്ഫോടനത്തെതുടർന്ന് ഒരാൾ സംഭവസ്ഥലത്തും 7 പേർ ചികിത്സയിലിരിക്കെയും മരണപ്പെട്ടിട്ടുള്ളതാണ്. സംഭവത്തിൽ കളമശ്ശേരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2421/2023 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>രാജ്യത്തിന് മാതൃകയായി മതനിരപേക്ഷത നിലനിൽക്കുന്ന സംസ്ഥാനത്തെ വിദ്വേഷ-വ്യാജപ്രചാരണങ്ങൾ നടത്തി കലുഷിതമാക്കാനുള്ള പ്രവണതകളെ സർക്കാർ വളരെ ഗൗരവമായാണ് കാണുന്നത്.<br><br>സംഭവത്തെ തുടർന്ന് മതവിദ്വേഷം വളർത്തുന്ന രീതിയിലും സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിലും സാമൂഹ്യ മാധ്യമങ്ങൾ വഴി ചിലർ ബോധപൂർവ്വം വ്യാജപ്രചാരണങ്ങൾ നടത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 53 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>തുടർന്ന് വ്യാജ പ്രചരണത്തിന് ഉപയോഗിച്ച 69 സോഷ്യൽ മീഡിയ ലിങ്കുകൾ ഇൻഫർമേഷൻ ടെക്നോളജി നിയമത്തിലെ 79(3)(b) വകുപ്പ് പ്രകാരം സമയബന്ധിതമായി വിവിധ സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് വ്യാജ സന്ദേശങ്ങൾ നിർമ്മിച്ചവരെയും പ്രചരിപ്പിച്ചവരേയും കണ്ടെത്തുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്വേഷ-വ്യാജ പ്രചരണങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവികളെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തികൊണ്ട് സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ച സർക്കുലർ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| | | | 29.10.2023- ലെ സംഭവത്തിനെ തുടർന്ന്, വ്യാജ പ്രചരണങ്ങൾ തടയുന്നതിനായി സാമൂഹ്യമാധ്യമങ്ങൾ മോണിറ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി നിർദേശം നൽകിയിട്ടുമുണ്ട്. |
| (സി) | സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ പ്രോഫൈലുകൾ നിർമ്മിച്ചവരെ കണ്ടെത്തുന്നതിന് സാമൂഹ്യ മാധ്യമ സ്ഥാപനങ്ങളെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാജ പ്രോഫൈലുകൾ നിർമ്മിച്ച് വ്യാജപ്രചരണങ്ങൾ നടത്തിയവരെ കണ്ടെത്തുന്നതിനും ഇത്തരം വ്യാജസന്ദേശങ്ങൾ അടിയന്തിരമായി സാമൂഹ്യ മാധ്യമങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതിനും ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ തുടങ്ങിയ സാമൂഹ്യമാധ്യമങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിൽ തെറ്റായതും അതീവഗുരുതരവുമായ പ്രചാരണം നടത്തുന്നവരെ നിരീക്ഷിക്കാനും തുടർനടപടികൾ സ്വീകരിക്കാനും സൈബർ സെൽ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | സൈബർ പട്രോളിംഗിലൂടെ വ്യാജ പ്രചരണങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും പ്രത്യേകം പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ സേവനം എല്ലാ സൈബർ പോലീസ് സ്റ്റേഷനുകളിലും സൈബർ ആസ്ഥാനത്തെ സോഷ്യൽമീഡിയ സെല്ലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം ഉപയോഗിച്ച് സൈബർ ഇടങ്ങളിൽ കർശന നിരീക്ഷണം നടത്തിവരുന്നു.<br><br>അതോടൊപ്പം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സൈബർ ഡോമുകൾ ഇത്തരം കുറ്റകൃത്യങ്ങളെ അതീവ ജാഗ്രതയോടെ നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഇ) | കളമശ്ശേരി സ്ഫോടനകേസുമായി ബന്ധപ്പെട്ട് മാത്രം വ്യാജപ്രചാരണം നടത്തിയവർക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിലെ പ്രതികൾ ആരെല്ലാമെന്നും വെളിപ്പെടുത്താമോ? | (ഇ) | കളമശ്ശേരി സ്ഫോടന കേസുമായി ബന്ധപ്പെട്ട് വ്യാജ പ്രചരണം നടത്തിയവർക്കെതിരെ 53 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കളമശ്ശേരി സ്ഫോടന കേസുമായി ബന്ധപ്പെട്ട് വ്യാജ പ്രചരണം നടത്തിയവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ

| SL No. | Police Station | Crime No | Sec.of Law | Total No of Accused | Name of Accused |
|---|---|---|---|---|---|
| 1 | Cyber Crime PS | 416/2023 | 153 IPC &43 R/W 66 of IT Act | 1 | User of FB acnt<br>Hind Poliucatist |
| 2 | Cyber Crime PS | 417/2023 | 153-A(1)(a),153-A(1)(b)IPC & 120 (o) KP Act | 1 | User of X account Squint Neon The squind |
| 3 | Cyber Crime PS | 422/2023 | 153, 34 IPC & 43 R/w 66 of IT Act | 3 | 1. Karma News Channel,Facebook Page<br>2. A lady Wearing black T shirt<br>3. A Male Voice |
| 4 | Cyber Crime PS | 423/2023 | 153, IPC & 43 R/w 66 of IT Act | 1 | User andOwner of Marunadan Malayalee Social Media |
| 5 | Cyber Crime PS | 424/2023 | 153, 34 IPC & 43 R/w 66 of IT Act | 2 | 1. PratheeshViswanath, 2. Sreeraj R User of Facebook URL |
| 6 | Cyber Crime PS | 444/2023 | 153 of IPC and 43, 66 of IT Act | 1 | User of FB acnt ANIL NAMBIAR |
| 7 | PATHANAMTHITTA | 1476/2023 | 153 IPC | 1 | Riva T Philip |
| 8 | Alapuzha south | 1290/2023 | 153(A) IPC | Not Known | User of Facebook account "media seven" |
| 9 | Kumarakom | 1418/2023 | 153-A, 504 IPC | 1 | ShajanSkaria, age 51 Managing Director, MarunadanMalayali Youtube Channel |

| | | | | | |
|---|---|---|---|---|---|
| 10 | Infopark | 1932/23 | 153 IPC & 120 (o) Kp Act | 1 | Owner of the X Handle Account named Rohan Dua |
| 11 | Infopark | 1933/23 | 153 IPC & 120 (o) Kp Act | 7 | A1 Named Bala, A2 named Kreately.in, A3. named Mr Sinha, A4.named Major Surendra, A5 Pradeep Bhanda, A6. named Rohan Dua & A7 named Squint Neon (A1 to A7 are Holder- X Handle account) |
| 12 | Thrikkakara | 2062/23, | U/S -153,153-A,34 IPC & 120(o) KP ACT | 2 | 1) Reporter Channel 2) Suja Parvathy S, Reporter Channel Kalamassery.P.O. HMT. Colony.Ernakulam. |
| 13 | Thrikkakara | 2115/23, | U/S -153,34 IPC & 120(o) KP ACT | 2 | 1) Lasitha Palackal 2) Sreeraj. R |
| 14 | EKM-Central | 3408/23 | U/S 153,153(A) IPC & 120(o) KP Act | 1 | Rajeev Chandrasekhar Face Book Profile name |
| 15 | EKM-Central | 3418/23 | U/S 153,153(A) IPC & 120(o) KP Act | 2 | A1.Mr Rajeev Chandrasekhar, Minister of State for Electronics And Information Technology, ErnakulamA2. Mr. Anil K Antony, National Secretary, BJP. |
| 16 | EKM-Central | 3419/23 | U/S 153,153(A) IPC & 120(o) KP Act | 1 | Shajan Scaria, Editor Marunadan Malayalee, You Tube Channel |
| 17 | EKM-Central | 3420/23 | U/S 153,153(A) IPC & 120(o) KP Act | 1 | Sandeep G Warier |
| 18 | EKM-Central | 3421/23 | U/S 153,153(A) IPC & 120(o) KP Act | 1 | Editor, Karma News, Online Portel |
| 19 | Elamakkara | 1740/23 | 153 IPC | 1 | Reporter, Janam TV |
| 20 | EKM-Central | 3422/23 | U/S 153,153(A) IPC & 120(o) KP Act | 1 | Shajan Scaria, Editor Marunadan Malayalee, You Tube Channel |
| 21 | EDATHALA | 741/2023 | 153 IPC | 1 | Pradeep Perumbadanna |

| | | | | | |
|---|---|---|---|---|---|
| 22 | Nedumbassery | 827/2023 | U/S 153 IPC & 120 (o) KP | 1 | Seby Sebastian |
| 23 | Cyber PS | 89/23 | 153 A,295 A IPC | 1 | Marunadan Malayalee.Com |
| 24 | Cyber PS | 90/23 | 153,295 A IPC | Not Known | Not Known |
| 25 | Cyber PS | 91/23 | 153,295 A IPC | 1 | Anil Nambiar |
| 26 | Cyber PS | 92/23 | 153,295A IPC | 1 | Sandeep G Warier |
| 27 | CYBER CRIME PS | 93/23 | U/s 153 IPC | 1 | Not Known |
| 28 | CYBER CRIME PS | 95/23 | U/s 153 IPC | 1 | Not Known |
| 29 | CYBER CRIME PS | 98/23 | U/s 153 IPC | 1 | Not Known |
| 30 | Sreekrishnapuram PS | 631/2023 | u/s 153 IPC | 1 | Sivahari Panicker S/o. Krishnankutty Panicker, Parthala, Kalarikkal, Punchappadam , Sreekrishnapuram |
| 31 | POOKKOTTUMPADAM | 640/23 | 153 IPC Added Section 202 IPC | 1 | BAIJU.VK |
| 32 | WANDOOR | 864/23 | 153 IPC | 1 | SUNEER KHAN |
| 33 | TANUR | 1125/23 | 153 IPC & 120 (O) of KP Act | 1 | ABDULLA KOYA |
| 34 | CHANGARAMKULAM | 1126/23 | 153 IPC & 120(o) OF KP ACT | 1 | NASEER |
| 35 | CHANGARAMKULAM | 1127/23 | 153 IPC & 120(o) OF KP ACT | 1 | SHAMSUDEEN |
| 36 | KOTTAKKAL | 1286/23 | 153 IPC | 1 | SAEED |
| 37 | TIRUR | 1439/23 | 153 IPC | 1 | Muhamed Musthafa |

| | | | | | |
|---|---|---|---|---|---|
| 38 | PANDIKKAD | 820/23 | 153 IPC & 120(o) KP ACT | 1 | JABBAR |
| 39 | WANDOOR | 865/23 | 153 IPC | 1 | SUNDARAN |
| 40 | PERUMPADAPPU/ANDATHO | 898/23 | 153 IPC & 120(o) KP ACT | 1 | Mubharak P M |
| 41 | KOLATHUR | 962/23 | 153 IPC | 1 | JAMAL MUHSIN |
| 42 | MELATTOOR | 1027/23 | 153 IPC | 1 | ATHEEQUE MUHAMMED |
| 43 | AREAKKODE | 1148/23 | 153 IPC | 1 | ABDUL JALEEL C T |
| 44 | NILAMBUR | 1269/23 | 153 IPC & 120(o) KP Act | 1 | mahaneesh |
| 45 | NILAMBUR | 1270/23 | 153 IPC & 120(O) OF KP ACT | 1 | SHEBEER ALI |
| 46 | KOTTAKKAL | 1287/23 | 153 IPC | 1 | shihab |
| 47 | MANCHERY | 1300/23 | 153 IPC | 1 | SALAHUDHEEN |
| 48 | TANUR | 1127/23 | 153 IPC & 120(O) KP ACT | 1 | Haris T K N |
| 49 | CHANGARAMKULAM | 1137/23 | 153 IPC & 120(o) KP Act | 1 | HAMEED |
| 50 | AREAKKODE | 1154/23 | 153 IPC | 1 | MUHAMMED FAROOK |
| 51 | MALAPPURAM | 1446/23 | 153 IPC | 1 | Not Known |
| 52 | MANKADA | 881/23 | 153 IPC | 1 | ANEES |
| 53 | VATAKRA | 1166-23 | 153 IPC | 2 | 1. 1. Rajas M Sydeek<br>2. അസ്ലഹ് കെ, |

Saleshidu

സെക്ഷൻ ഓഫീസർ